**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 564** **05.06.2018 ൽ മറുപടിക്ക്.**

**ഇന്ധനവില വർദ്ധനവ്**

| **ചോദ്യം**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **മറുപടി**<br>**ഡോ.ടി.എം.തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ അന്താരാഷ്ട്ര വിപണിയിലെ വിലവർദ്ധനവ് പറഞ്ഞ് രാജ്യത്തെ ജനങ്ങളെ സാമ്പത്തികമായി ബുദ്ധിമുട്ടിച്ചുകൊണ്ട് ഇന്ധനവില ദിനംപ്രതി രണ്ടിലധികം തവണ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേന്ദ്രഗവൺമെന്റ് ഇത്തരത്തിൽ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാന ഗവണ്മെന്റിന്റെ ടാക്സിനത്തിൽ ഉള്ള വരുമാനത്തിൽ വൻ വർദ്ധനവ് ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിൽ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ടാക്സിനത്തിൽ ഉള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. |
| (സി) | എങ്കിൽ ഒരു ലിറ്റർ പെട്രോൾ / ഡീസൽ ഉപഭോക്താവിന് വിൽക്കുമ്പോൾ നികുതിയിനത്തിൽ എത്ര രൂപയാണ് സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്നത്; ജനങ്ങൾക്ക് ആശ്വാസമേകാൻ നികുതിയിനത്തിൽ എത്ര ശതമാനം കുറവ് വരുത്താനാണ് | (സി) | 31.05.2018 ലെ കണക്ക് പ്രകാരം ഒരു ലിറ്റർ പെട്രോൾ വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് 18.51 രൂപ വില്പന നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ വില്പന നികുതി ഇനത്തിലും 19 പൈസ സെസ്സ് ഇനത്തിലും, ഒരു ലിറ്റർ ഡീസൽ വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് 13.90 രൂപ വില്പന നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ |

| | | | | |
|---|---|---|---|---|
| | ഉദ്ദേശിക്കുന്നത് ; എങ്കിൽ എന്ന് മുതൽ എന്നറിയിക്കാമോ ? | | | വില്പന നികുതി ഇനത്തിലും 14 പൈസ സെസ്സ് ഇനത്തിലുമായി ലഭിക്കുന്നുണ്ട്. 01.06.2018 മുതൽ പെട്രോൾ/ ഡീസൽ വിലയിൽ ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ